പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2130 — 22.01.2014 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | കൊല്ലം ജില്ലയിലെ പുത്തൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് ഉത്തരവായത് എന്നാണ്; | (എ) | 04.09.2013 ൽ കൂടിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതി തീരുമാന പ്രകാരം ടി സ്കൂളിൽ ഈ പദ്ധതി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സ്കൂളിൽ ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | പ്രസ്തുത സ്കൂളിൽ എഴുത്തും കായികക്ഷമതാ പരീക്ഷയും നടത്തി 44 കേഡറ്റുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. പദ്ധതി നടത്തിപ്പിനായി ഈ അദ്ധ്യയന വർഷം 108430 (ഒരു ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി മുപ്പത്) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേഡറ്റുകൾക്ക് യൂണിഫോം വിതരണവും നടത്തിയിട്ടുണ്ട്. ആക്ടിവിറ്റി കലണ്ടർ പ്രകാരമുള്ള എല്ലാ പരിശീലന പരിപാടികളും മറ്റു പ്രവർത്തനങ്ങളും സ്കൂളിൽ നടന്നു വരുന്നു. |
| (സി) | പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് എസ്. പി .സി. പ്രകാരം പരിശീലനത്തിന് തീയതി നിശ്ചയിച്ചിട്ട് ആയത് മാറ്റി വയ്ക്കുന്നതിനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ? | (സി) | തീയതി മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ